CAREERINDIA

# CENTRAL BOARD OF SECONDARY EDUCATION

## SAMPLE QUESTION PAPER FOR SSE : 2024-25

Std X

Time Allowed : 3 Hrs | Maximum Marks : 80

അനുവദിച്ച സമയം : 3 മണിക്കൂർ | ആകെ മാർക്ക് : 80

## MALAYALAM (CODE - 012)

## MARKING SCHEME

### എ വിഭാഗം [Section : A]

**1. അവധാരണം (ഗദ്യം-1) : ശരിയുത്തരങ്ങൾ (8 ചോദ്യങ്ങൾക്ക്)** [8x1=8]

(i) അണുശക്തിയുടെ ദുരന്തഫലങ്ങളെപ്പറ്റിയുള്ള പ്രവചനങ്ങളൊക്കെയും ഹിരോഷിമയ്ക്കും നാഗസാക്കിക്കും മുമ്പിൽ നിഷ്പ്രഭമായിപ്പോയപ്പോഴാണ്.

(ii) ആണവോർജ്ജത്തെപ്പറ്റിയുള്ള സ്വപ്നം ലാളിക്കുമ്പോഴും അതുണ്ടാക്കാവുന്ന ദുരന്തങ്ങളുടെ പ്രത്യാഘാതങ്ങളെപ്പറ്റി

(iii) റേഡിയത്തിന്റെ വ്യാഖ്യാനം

(iv) എച്ച്.ജി.വെൽസ്

(v) 'The World Set Free'

(vi) ബെക്യുറലിൻ, മാഡംക്യൂറി

(vii) ശൃംഖലാ പ്രവർത്തനം വഴി

(viii) ഈ ഭൂഗോളം പൊട്ടിത്തെറിക്കാവുന്ന പദാർത്ഥങ്ങളുടെ ഒരു സംഭരണശാലയാണ്. നമുക്കറിവുള്ള എല്ലാ സ്ഫോടനങ്ങളെക്കാളും ഭീകരമായിരിക്കാം അവ. ഒരുവേള, അവ ഒരു തീപ്പൊരിക്കായി കാത്തുകിടക്കയാണെന്നും വരാം.

**2. അവധാരണം (ഗദ്യം-2) : ശരിയുത്തരങ്ങൾ (7 ചോദ്യങ്ങൾക്ക്)** [7x1=7]

(i) തോലകവി, ചമ്പൂപ്രബന്ധകാരൻമാരായിരുന്ന നമ്പൂതിരിമാർ, കുഞ്ചൻനമ്പ്യാർ, ശീവൊള്ളി നാരായണൻ നമ്പൂതിരി എന്നീ പാരമ്പര്യവഴിക്ക് നമുക്ക് മഹത്തായ ഒരു ഹാസ്യസാഹിത്യഭണ്ഡാരം തന്നെ കൈവന്നത്.

(ii) നർമ്മബുദ്ധിയില്ലായ്മയാണ് ലോകത്തിലെ മിക്ക വൈഷമ്യങ്ങൾക്കും കാരണം.

(iii) ഇടശ്ശേരി ഗോവിന്ദൻ നായരുടെ

(iv) വികൃതചേഷ്ഠാനുകരണങ്ങളെക്കൊണ്ടും ഭാഷാനുകരണങ്ങളെക്കൊണ്ടും

(v) നർമ്മം

(vi) സ്വജീവിതത്തിലെ രക്ഷാകർത്ത്യത്വവും ആശ്വാസപ്രദത്വവും തങ്ങളുടെ നർമ്മബുദ്ധിക്കാണെന്നു സൂചിപ്പിക്കുന്നു.

(vii) ചേരമാൻ പെരുമാളുടെ

**3. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. (ഏതെങ്കിലും ഏഴെണ്ണത്തിന്)** [7x1=7]

(i) (C) ഭാര്യ

(ii) (B) ഗുമസ്ത

(iii) (A) മരണം വരെ നിരാഹാരം അനുഷ്ഠിക്കുക

(iv) (A) മാറ്റം-അളവ്

(v) (C) ശ്രദ്ധയോടെയുള്ള അഞ്ജലി

(vi) (A) സന്ന്യാസി, വിരാമം

(vii) (D) ബാലജീവിതഘാതി

(viii) (B) മധുര+ഉദാരം

(ix) (A) സാർഥകം

(x) (B) ദർദ്ദുരം

**4. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. (ഏതെങ്കിലും ഒൻപത് ചോദ്യങ്ങൾക്ക്)** [9x2=18]

(a)(i) (D) മഞ്ഞുതൻധാരയാർന്ന പനിനീർപ്പൂപോലെ

(ii) (B) ഒരു സ്നേഹം

(b)(i) (A) ക്രോധം

(ii) (B) അയോദ്ധ്യാകാണ്ഡം

(c)(i) (C) തെരുവീഥികൾ

(ii) (D) അമ്മത്തൊട്ടിൽ

(d)(i) (D) പരിഷ്കാരത്തിൻ തിണ്ണയിലുള്ളവൻ

(ii) (B) വൈലോപ്പിള്ളി ശ്രീധരമേനോന്റെ

(e)(i) (D) വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുപോലെ

(ii) (A) പുത്രമിത്രാർത്ഥകളത്രാദിസംഗമം

(B) നിശ്ശേഷധാന്യധനാദികൾ

(C) ദേഹാഭിമാനം

(D) അവിദ്യ

(f)(i) (C) ശ്രീകൃഷ്ണൻ

(ii) (D) ഓഘവതീനദീതീരത്ത്

(g)(i) (A) തയ്യൽക്കടയിൽ റേഡിയോ പ്രവർത്തിച്ചു തുടങ്ങിയ കാലം

(ii) (B) പണയം

(h)(i) (C) വെയിലിന്റെ മുകൾത്തട്ടിൽ നിന്ന്

(ii) (A) വെള്ളായിയപ്പൻ

(i)(i) (C) ദ്രൗണിയെപ്പറ്റി

(ii) (D) നിരൂപണം

(j)(i) (A) കുട്ട്യസ്സൻ മാപ്പിള വെള്ളായിയപ്പനോട്

(ii) (B) 15 ഉറുപ്പികയും നാലണയും വെള്ളായിയപ്പൻ കുട്ട്യസ്സന് നൽകാനുണ്ട് എന്ന് പറഞ്ഞപ്പോൾ

## ബി വിഭാഗം [Section : B]

**5 (a) അംഗവാക്യം, അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക** [2x1=2]

(i) പുണ്യവും ത്രൈലോക്യപ്രസിദ്ധവുമായ സമന്തപഞ്ചകത്തിൽ കിടന്നു മരിക്കയാൽ (അംഗവാക്യം)

ഞാൻ ശാശ്വതലോകങ്ങൾ നേടും. (അംഗിവാക്യം)

(ii) ഗുമസ്തൻ ചീട്ടെടുത്ത് അച്ചുകുത്തി ജനാലയിലൂടെ പുറത്തേക്കിട്ടപ്പോൾ (അംഗവാക്യം)

യാത്രയിൽ ഒരുഘട്ടം താണ്ടിയതുപോലെ വെള്ളായിയപ്പനു തോന്നി. (അംഗിവാക്യം)

**(b) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** [2x1=2]

(i) ഒരേ അർത്ഥത്തിൽ പ്രയോഗിക്കുന്ന 'മുൻപിൽ', 'അഭിമുഖം' എന്നീ വാക്കുകളിൽ ഏതെങ്കിലും ഒന്നുമതി.

(ii) 'വൈകുന്നേരത്തെ അസ്തമയം' എന്ന പ്രയോഗം തെറ്റാണ്. 'അസ്തമയം' മാത്രം മതി.

**(c) പ്രയോഗം മാറ്റുക** [2x1=2]

(i) ആ ദുഷ്ടന്മാർ എന്റെ അച്ഛനെ കൊടുംക്രൂരത കാട്ടി വധിച്ചു.

(ii) അയാൾ അപ്പോൾ ചുറ്റുപാടുമുള്ള യാത്രക്കാരാൽ ആദരവോടെ നോക്കപ്പെട്ടു.

**(d) ഏതെങ്കിലും ഇഷ്ടപ്പെട്ട രണ്ട് ശൈലികൾ വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക** [2x1=2]

(i) കഥകഴിക്കുക (ii) കടുംകൈ ചെയ്യുക (iii) അന്ധാളിക്കുക

**6**(a)(i) ഉപന്യാസ മാതൃക, ശീർഷകം – 2 മാർക്ക്

അവതരണരീതി – 3 മാർക്ക്

തലക്കെട്ട്, ആമുഖം, വിഷയം ഉൾക്കൊണ്ടുള്ള അവതരണം, ഉള്ളടക്കം ഭാഷാശൈലി, അവതരണശൈലി, ഖണ്ഡികാകരണം, ഉപസംഹാരം ഭാഷാശുദ്ധി, പദശുദ്ധി

(A) ആഗോളതലത്തിൽ ഭാരതം ആർജ്ജിച്ച നേട്ടങ്ങൾ (points)

- സാമ്പത്തിക വികസനത്തിലും സാമൂഹിക ഭരണത്തിലും വലിയ പുരോഗതി.
- ആഗോളവിതരണശൃംഖലയിൽ അതിജീവനശേഷിയുടെയും വിശ്വാസ്യതയുടെയും പ്രാധാന്യം വർധിക്കാൻ സഹായിച്ചു.
- കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ ക്രിയാത്മക മനോഭാവം രാജ്യങ്ങൾക്കിടയിൽ കൊണ്ടുവരാൻ ഇന്ത്യയ്ക്ക് കഴിഞ്ഞു.
- ഗ്രീൻ ഹൈഡ്രജൻ ഇന്നവേഷൻ സെന്റർ, അന്താരാഷ്ട്ര സൗരസഖ്യം, ആഗോളജൈവ ഇന്ധനസഖ്യം എന്നിവയിൽ നേതൃത്വം വഹിക്കാൻ ഭാരതത്തിന് സാധിച്ചു.
- കാലാവസ്ഥാവ്യതിയാനത്തിനെതിരെ പോരാടാനും ഹരിതഗ്രഹവാതകങ്ങളുടെ അളവ് കുറയ്ക്കാനുമുള്ള ശ്രമങ്ങൾക്ക് നേതൃത്വം വഹിക്കാൻ ഇന്ത്യയ്ക്ക് കഴിഞ്ഞു.
- അന്താരാഷ്ട്രചെറുധാന്യ വർഷത്തിൽ ചെറുധാന്യങ്ങളുടെ ആരോഗ്യപരമായ ഗുണങ്ങളെ ലോകത്തിന് മുന്നിൽ അവതരിപ്പിക്കാനും പട്ടിണിയില്ലാതെ ഒരു ലോകത്തിന് എന്തെല്ലാം ചെയ്യാൻ കഴിയും എന്നും ഇന്ത്യ ലോകത്തിനു മുന്നിൽ കാട്ടിക്കൊടുത്തു.
- ഡിജിറ്റൽ ഇന്ത്യ, ആത്മനിർഭർ ഭാരത്, മേക്ക് ഇൻ ഇന്ത്യ എന്നീ കാര്യങ്ങളിലൂടെ ലോകശ്രദ്ധ നേടാൻ ഇന്ത്യയ്ക്ക് കഴിഞ്ഞു.
- "എല്ലാവർക്കുമൊപ്പം എല്ലാവരുടെയും വികസനം" എന്ന ഇന്ത്യയുടെ മുദ്രാവാക്യം ലോകം ഏറ്റെടുത്തു.
- ബഹിരാകാശശാസ്ത്രമേഖലയിൽ ഇന്ത്യ അദ്ഭുതങ്ങൾ സൃഷ്ടിച്ചു. ചന്ദ്രനിൽ ദക്ഷിണധ്രുവത്തിൽ ലോകത്ത് ആദ്യമായി ദേശീയ പതാക പാറിക്കാൻ ഇന്ത്യയ്ക്ക് കഴിഞ്ഞു. ആദിത്യ, മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കാനുള്ള പദ്ധതി എന്നിവയിൽ ഇന്ത്യ ഏറെ പുരോഗമിച്ചു. ഇന്ന് ചെലവുകുറഞ്ഞ രീതിയിൽ ലോകരാജ്യങ്ങളുടെ പോലും ഉപഗ്രഹങ്ങളെ ഇന്ത്യയ്ക്ക് ഭ്രമണപഥത്തിൽ എത്തിക്കാൻ കഴിയും.
- സ്ത്രീശാക്തീകരണ മേഖലയിലും ഏറെ മുന്നോട്ടു പോകാൻ ഭാരതത്തിന് കഴിഞ്ഞിട്ടുണ്ട്.

www.careerindia.com

- ചൈനീസ് പത്രമായ ''ഗ്ലോബൽ ടൈംസ്'' ഇന്ത്യ കൈവരിച്ച നേട്ടങ്ങളെ ചൂണ്ടിക്കാണിച്ചു. "Bharat Narrative" എന്ന തലക്കെട്ടോടെ ഫുഡാൻ യൂണിവേഴ്സിറ്റിയിലെ 'സൗത്ത് ഏഷ്യൻ സ്റ്റഡീസ് സെന്റർ' ഡയറക്ടർ ഷാങ് ജിയാ ഡോങ് ആണ് ജനുവരി 2ലെ സർക്കാർ ഉടമസ്ഥതയിലുള്ള പത്രത്തിൽ പ്രസിദ്ധീകരിച്ചത്.
- G 20 രാജ്യങ്ങളുടെ സമ്മേളനം : "വസുധൈവകുടുംബകം" ലോകം മുഴുവൻ ഒരു കുടുംബമാണ് എന്ന ഇന്ത്യയുടെ തത്ത്വചിന്ത ലോകം മുഴുവൻ അംഗീകരിച്ചു.
- ആഭ്യന്തരഉത്പാദനം കേന്ദ്രീകരിച്ച് ലോകത്തെ വീക്ഷിക്കുന്ന ലോകക്രമത്തിൽ നിന്ന് മാറി മനുഷ്യകേന്ദ്രീകൃത വീക്ഷണത്തിലേക്ക് മാറണമെന്ന തിരിച്ചറിവ് ലോകത്തിന് നൽകാൻ G 20 സമ്മിറ്റിന് കഴിഞ്ഞു.

(B) സാമൂഹികമാധ്യമങ്ങളും വിദ്യാർത്ഥികളും

- ഇന്റർനെറ്റ് എന്ന മാന്ത്രികജാലകം തുറന്നിട്ട വഴികളാണ് സാമൂഹ്യമാധ്യമങ്ങൾ അല്ലെങ്കിൽ സോഷ്യൽ മീഡിയ. സോഷ്യൽ മീഡിയയുടെ പ്രവർത്തനക്ഷമതയും ജനപ്രിയതയും കാരണം ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വാർത്താ മേഖലയാണ് സോഷ്യൽ മീഡിയ. ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, X (ട്വിറ്റർ) എന്നിവയും ദൂരങ്ങളിൽ നിന്ന് ആശയവിനിമയം പ്രാപ്തമാക്കുന്നു. സോഷ്യൽ മീഡിയ ഉപയോഗിക്കുന്നവരിൽ 80 ശതമാനവും യുവാക്കളാണ്. സോഷ്യൽ മീഡിയ ഒരു നാണയത്തിന്റെ രണ്ടുവശം പോലെ ഗുണദോഷസമ്മിശ്രമാണ്.

ദോഷങ്ങൾ

- വ്യത്യസ്ത നേട്ടങ്ങൾ ഉണ്ടെന്ന് പറയുമ്പോഴും സമൂഹത്തിലെ ഏറ്റവും വിനാശകാരിയായ ശക്തി. ഉപയോഗം നിയന്ത്രിച്ചില്ലെങ്കിൽ ഗുരുതരപ്രത്യാഘാതങ്ങൾ നേരിടേണ്ടി വരും.
- സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റം, കുട്ടികൾക്കെതിരെയുള്ള അപരാധങ്ങൾ, ഓവർ ഷെയർ, സൈബർ ഗ്രൂമിങ്, ഹാക്കിങ്, ഫിഷിങ്, ഡീപ് ഫേക്ക് വീഡിയോകൾ ഇന്ന് നാം നേരിടുന്ന സൈബർ ഭീഷണികളിൽ ചിലതാണ്.
- ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കടന്നുവരവോടെ കൂടുതൽ കൂടുതൽ കുറ്റകൃത്യങ്ങൾ ഇന്റർനെറ്റുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നുണ്ട്.
- പഠനത്തിനുവേണ്ടിയുള്ള വിലപ്പെട്ട സമയം സാമൂഹ്യമാധ്യമങ്ങളിൽ ചെലവഴിക്കുന്നു. ഇതിലുള്ള ആസക്തിമൂലം പഠനകാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാതെ പോകുന്നു.
- സമൂഹങ്ങൾക്കിടയിൽ വ്യാജവാർത്തകൾ പ്രചരിപ്പിച്ച് സമാധാനകാംക്ഷികൾക്കിടയിലും വിഷം വമിപ്പിക്കാൻ സാമൂഹ്യ മാധ്യമങ്ങൾക്ക് കഴിയും.

നേട്ടങ്ങൾ

- വിദ്യാഭ്യാസവിവരങ്ങൾ ഒറ്റ ക്ലിക്കിൽ ലഭിക്കുന്നു.
- തത്സമയ വിദ്യാഭ്യാസപരിപാടികളും അറിവിന്റെ ലോകങ്ങളും ലോകത്തിന്റെ ഏതുഭാഗത്ത് നടന്നാലും നിങ്ങൾക്ക് നിങ്ങളുടെ രാജ്യത്തുനിന്ന് കാണാൻ കഴിയും.
- വായനക്കാർ പത്രങ്ങളിൽ നിന്ന് അകന്നുപോകുന്ന ഇക്കാലത്ത് ഏറ്റവും പുതിയ അന്തർദേശീയ സംഭവങ്ങൾ അപ്പോൾത്തന്നെ അറിയാൻ കഴിയും.
- വീഡിയോ കാളിങ് വഴി പ്രിയപ്പെട്ടവരുമായുള്ള ബന്ധം മെച്ചപ്പെടുത്താൻ കഴിയുന്നു.
- മാധ്യമസിദ്ധാന്തവാദിയായ മാർഷൽ മക്ലൂഹൻ മാധ്യമത്തെക്കുറിച്ച് ഇപ്രകാരമാണ് പറഞ്ഞത് : "സന്ദേശം കൈമാറാനുള്ള ആധാരദ്രവ്യമാണ് മാധ്യമങ്ങൾ" എന്ന്
- പരസ്പരവ്യവഹാരങ്ങളാണ് (Interaction) നവമാധ്യമങ്ങൾ നടത്തുന്നത്.

www.careerindia.com

- സാമൂഹികം, സാമ്പത്തികം, വ്യാവസായികം, വിനോദസഞ്ചാരം, പഠനാവശ്യങ്ങൾക്കുള്ള പ്രോജക്റ്റുകൾ തയ്യാറാക്കൽ, വിവരശേഖരണവും സംശയനിവാരണവും എന്നിവയെല്ലാം സാമൂഹ്യമാധ്യമങ്ങൾ വഴി നമുക്ക് സാധിക്കുന്നു.

(b) കത്ത് : രൂപഘടന

പ്രേഷകൻ / പ്രേഷിത

മേൽവിലാസം

സ്വീകർത്താവ് / ഗ്രാഹകൻ

മേൽവിലാസം : 2 Marks

മേൽവിലാസത്തിൽ പേര്, വീട്ടുപേര് (ഓഫീസിന്റെ പേര്, സ്ഥലം, ജില്ല, പോസ്റ്റ് ഓഫീസ്, പിൻകോഡ് എന്നിവ എഴുതേണ്ടതാണ്)

അഭിസംബോധന, വിഷയം

കത്തിന്റെ ശരീരം : 3 Marks

ആമുഖം – ഉള്ളടക്കം എന്നിവ വിഷയാനുസൃതവും ഖണ്ഡിക തിരിച്ച് അവതരിപ്പിക്കേണ്ടതുമാണ്. സമഗ്രവും ആവശ്യങ്ങൾ പ്രകടമാകുന്നതും ആയിരിക്കണം. ജനങ്ങളുടെ ജീവനും സ്വത്തിനും വന്യമൃഗങ്ങളുടെ ഉപദ്രവം എങ്ങനെ ബാധിക്കുന്നു എന്ന് വിശദമാക്കണം. പരിസ്ഥിതിയുടെ അസന്തുലിതാവസ്ഥയ്ക്ക് മനുഷ്യൻ എങ്ങനെ കാരണമാകുന്നു എന്നും അത് കാട്ടുമൃഗങ്ങൾ നാട്ടിൽ കയറാൻ എങ്ങനെ ഇടയ്ക്കുന്നു എന്നും വിശദമാക്കണം.

ഉപചാരവാക്ക്, ഒപ്പ്, പേര് എന്നിവ കത്തിന്റെ അവസാനം താഴെ ഇടതുവശത്തോ വലതു വശത്തോ വരാം. അതുപോലെ തന്നെ സ്ഥലം, തീയതി എന്നിവ കത്തിന്റെ താഴെ ഇടതു വശത്തോ, പ്രേഷകൻ, ഗ്രാഹകൻ എന്നിവയുടെ ഇടയിലോ എഴുതാം. ഭാഷാശുദ്ധി, പദശുദ്ധി

(c) പത്രവാർത്ത

രൂപഘടന : 2 Marks വാർത്തയുടെ രചനാരീതി : 2 Marks

വായനക്കാരെ വാർത്തയിലേക്ക് ആകർഷിക്കുന്ന തലക്കെട്ട്

സ്വന്തം ലേഖകൻ / പ്രത്യേക ലേഖകൻ

വാർത്ത നടക്കുന്ന സ്ഥലം (സ്ഥലപ്പേര് നൽകാതെ 'സ്ഥലം' എന്നാണ് കുട്ടി എഴുതുന്നതെങ്കിലും മാർക്ക് നൽകേണ്ടതാണ്)

ഖണ്ഡികയായി എഴുതാൻ ശ്രദ്ധിക്കണം.

ആമുഖം : ഒരു വാർത്ത ആരുമൂലം, എപ്പോൾ, എവിടെ, എങ്ങനെ, എന്തുകൊണ്ട് നടന്നു എന്നതിനുള്ള ഉത്തരമാകണം. തുടർന്ന് വാർത്തയുടെ വിശദീകരണവും, പ്രധാന വ്യക്തികളുടെ പ്രതികരണം എന്നിവയും ഉൾപ്പെടുത്താം.

ഉപസംഹാരം

ഭാഷാശുദ്ധി, പദശുദ്ധി, പത്രഭാഷയുടെ തനിമ, എന്നിവയും വിലയിരുത്തണം.

**7.** (a) രണ്ടു ഖണ്ഡികയായി എഴുതണം.

(ഖണ്ഡിക 1. ആമുഖം : എഴുത്തുകാരൻ, കൃതി, പാഠത്തിന്റെ പേര്,

സന്ദർഭം) - 1 Marks

(ഖണ്ഡിക 2 വിശദീകരണം) - 2 Marks

ചെമ്പുമത്തായി തയ്യൽക്കാരൻ ചാക്കുണ്ണിയോട് പറയുന്നു.

www.careerindia.com

പലിശക്കാരൻ – ധനം കുന്നുകൂട്ടാനുള്ള വെമ്പൽ – മാനവികവും കലാപരവുമായ ഒരു കാഴ്ചപ്പാടും ഇല്ലാത്തവൻ – റേഡിയോ 129 എന്ന നമ്പരിട്ട പണയമുതൽ മാത്രം – റേഡിയോ പരിപാടികളെ പുച്ഛിക്കുന്നവൻ

കുട്ടികളെപ്പോലെ നോക്കേണ്ട ഒന്നാണ് റേഡിയോ എന്ന് ചാക്കുണ്ണി പറയുമ്പോൾ ചെമ്പുമത്തായിയുടെ അഭിപ്രായമാണ്. ഈ അഭിപ്രായത്തിൽ നിന്ന് ചെമ്പു മത്തായിയുടെ സ്വഭാവം പ്രകടമാകുന്നു. പണയത്തിന് പണം കടം കൊടുക്കുന്ന ഏർപ്പാട് പാരമ്പര്യത്തിൽ അധിഷ്ഠിതവും അഭിമാനകരവുമായാണ് ചെമ്പുമത്തായി കാണുന്നത്. മക്കളെപ്പോലും ലാളിച്ചിട്ടില്ലാത്ത പരുക്കനും മനസ്സാക്ഷിയില്ലാത്തവനും പണത്തിനപ്പുറം ഒന്നിനും വിലനൽകാത്ത അയാൾക്ക് റേഡിയോ വെറും നിസ്സാരവസ്തുവാണ്.

(b) ആമുഖം – ഭാരതപര്യടനം – യുദ്ധത്തിന്റെ പരിണാമം – കുട്ടികൃഷ്ണമാരാര് – സന്ദർഭം : 1 Marks

വിശദീകരണം : 1 Marks

പക എന്ന മനുഷ്യശാപത്തിന്റെ പ്രതിനിധിയായ ദ്രൗണി എന്ന ചെകുത്താനെയാണ് കരുതിയിരിക്കേണ്ടത്. അശ്വത്ഥാമാവ് സർവഭൂതാത്മാവായ നാരദനെയും ഭാരതപിതാമഹനായ കൃഷ്ണദ്വൈപായനനായും വാക്കുകളെ സ്വീകരിക്കാതെ 'ബ്രഹ്മശിരോസ്ത്രം' എന്ന മാരകമായ അസ്ത്രത്തെ അയയ്ക്കുന്നു. അസ്ത്രം പിൻവലിക്കാൻ ആവശ്യപ്പെട്ടെങ്കിലും പാണ്ഡവരുടെ സന്തതിയിലെങ്കിലും ആ അസ്ത്രം ചെന്നേ ശണം എന്നത് ദ്രൗണിക്ക് നിർബന്ധമായിരുന്നു. ഉത്തരയുടെ ഗർഭസ്ഥശിശുവായ പരീക്ഷിത്തിൽ ബ്രഹ്മശിരോസ്ത്രം ലക്ഷ്യം കണ്ടപ്പോൾ കൃഷ്ണൻ നീചനായ ദ്രൗണിയെ ശപിക്കുന്നു. സർവവ്യാധികളും പിടിപെട്ട് ചോരയും ചലവും നാറിക്കൊണ്ട് കൊടുംകാടുകളിൽ അയാൾ അലയും എന്ന് കൃഷ്ണൻ ശപിക്കുന്നു. ഇവിടെ ദ്രൗണി ചിരഞ്ജീവിയായ പ്രതീകം മാത്രമാണ്. സ്നേഹം കൊണ്ട് ഒന്നായവർ പോലും തമ്മിൽ തമ്മിൽ കാരണാന്തരങ്ങളാൽ ഉണ്ടായിത്തീരുന്ന ദ്വേഷമത്സരങ്ങൾ ആഘാതപ്രത്യാഘാതരൂപേണ വളർന്നു വളർന്നു കൊടിയ യുദ്ധങ്ങളായി പരിണമിക്കുന്നു. തനിക്ക് നഷ്ടം വന്നാലും വേണ്ടില്ല എതിരാളിയുടെ അടിവേര് തോണ്ടിയേ നിൽക്കൂ എന്ന വാശിയും പകയും ഇന്ന് നാം ജീവിക്കുന്ന കാലത്തും ഏറെ പ്രസക്തമാണ് എന്ന് കാട്ടിത്തരുകയാണ് കുട്ടിക്കൃഷ്ണമാരാർ ഇവിടെ ചെയ്യുന്നത്.

(c) ആമുഖം : കടൽത്തീരത്ത് – ഒ വി വിജയൻ - 1 Marks

വിശദീകരണം : 2 Marks

കഥയിൽ മൗനത്തിനുള്ള പ്രാധാന്യം – സംഭാഷണത്തിനപ്പുറം മാനവികതയിൽ ഊന്നിയ സ്നേഹം, സഹിഷ്ണുത എന്നീ ആശയങ്ങൾ മൗനത്തിലൂടെ സംവേദനം ചെയ്യുന്ന കഥാപാത്രങ്ങൾ.

കഥാപാത്രങ്ങൾ സംഭാഷണത്തിലൂടെ ആശയം പ്രകടിപ്പിക്കുന്നത് ഈ കഥയിൽ വിരളമാണ്. മൗനമാണ് പലപ്പോഴും ഇവിടെ വാചാലമാകുന്നത്. കഥാപാത്രങ്ങളുടെ മാനസിക വിചാരങ്ങളിലൂടെ ആശയങ്ങൾ കൈമാറപ്പെടുന്നു. കാറ്റുപിടിച്ച പനമ്പട്ടകൾ സംസാരിക്കുന്നതുപോലെ വെള്ളായിയപ്പന് തോന്നുന്നു. കാറ്റിലുലയുന്ന പനമ്പട്ടകളുടെ ശബ്ദം ഊട്ടുദൈവങ്ങളും കാരണവന്മാരും സംസാരിക്കുകയാണെന്ന് വെള്ളായിയപ്പന് തോന്നുകയാണ്. കണ്ണൂരിലേക്കുള്ള യാത്രക്കിടയിൽ ചവിട്ടടിപ്പാതയിൽ കണ്ടുമുട്ടുന്ന കഥാപാത്രങ്ങൾ ഒന്നോ രണ്ടോ വാക്കുകൾ മാത്രമാണ് സംസാരിക്കുന്നത്. ആദ്യം കണ്ടുമുട്ടുന്ന കുട്ടസ്സ്യൻ മാപ്പിള 'വെള്ളായിയേ' എന്നു മാത്രമേ വിളിക്കുന്നുള്ളൂ. അതുപോലെ വെള്ളായിയപ്പൻ 'മരയ്ക്കാരേ' എന്നുമാത്രം.

www.careerindia.com

ആ വാക്കുകളിൽ ദീർഘങ്ങളും സമ്പന്നങ്ങളുമായ സംഭാഷണപരമ്പരകൾ അടങ്ങിയിരിക്കുന്നു എന്ന് കഥാകൃത്ത് പറയുന്നു. അതുപോലെ നീലിയും വെള്ളായിയപ്പനും കണ്ടുമുട്ടുമ്പോൾ 'വെള്ളായിയച്ചോ' 'നീലീയേ' എന്ന് രണ്ടു വാക്കുകൾക്കിടയ്ക്കും സാന്ത്വനത്തിന്റെയും നിറവ് കാണാൻ കഴിയും എന്ന് ഒ വി വിജയൻ പറയുന്നു. പിറ്റേദിവസം തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ട് ജയിലിൽ കഴിയുന്ന കണ്ടുണ്ണി എന്ന മകനുമായി നടക്കുന്ന കൂടിക്കാഴ്ചക്കിടയിൽ 'മകനേ' എന്നും 'അപ്പാ' എന്നും മാത്രമേ അവർ സംസാരിക്കുന്നുള്ളൂ. എന്നാൽ ഇവിടെയും രണ്ടു വാക്കുകൾക്കിടയിൽ ദുഃഖത്തിലും മൗനത്തിലും അച്ഛനും മകനും അറിവുകൾ കൈമാറി എന്ന് കഥാകാരൻ പറയുന്നു.

**8.** (a) ആമുഖം : അദ്ധ്യാത്മരാമായണം കിളിപ്പാട്ട്

അയോധ്യാകാണ്ഡം – ലക്ഷ്മണോപദേശം

ആമുഖം : 1 മാർക്ക്

ആശയം – 2 മാർക്ക്

ശ്രീരാമപട്ടാഭിഷേകം മുടങ്ങിയതറിഞ്ഞ ലക്ഷ്മണൻ അത്യന്തം കുപിതനായി. അപ്പോൾ ആധ്യാത്മികതത്വോപദേശങ്ങളാൽ ശ്രീരാമൻ ലക്ഷ്മണനെ സാന്ത്വനിപ്പിക്കുന്നതാണ് ഈ വാക്കുകൾ. കാമക്രോധലോഭമോഹാദികൾ മനുഷ്യന് ശത്രുക്കളാണ്. ഇവയിൽ മുക്തിക്ക് വിഘ്നം വരുത്തുവാൻ ഏറ്റവും ശക്തിയുള്ളത് ക്രോധമാണ്. മാതാപിതൃഭ്രാതൃമിത്രസംഖികളെ ക്രോധം മൂലം മനുഷ്യർ കൊല്ലുന്നു. ക്രോധം മൂലം മനസ്താപം ഉണ്ടാകും. അതമൂലം നരന്മാർക്ക് സംസാരബന്ധനം ഉണ്ടാകുന്നു. അതുമൂലം സ്വന്തം ധർമ്മത്തിന് ക്ഷയമുണ്ടാകുന്നു. അതുകൊണ്ടൊക്കെയാണ് ക്രോധം ബുധജനങ്ങൾ ഉപേക്ഷിക്കണം എന്ന് പറയുന്നത്.

(b) ആമുഖം : മഹാകവി കുനാരനാശാൻ – നളിനി – പ്രിയദർശനം : 1 മാർക്ക്

വിശദീകരണം : 2 മാർക്ക്

ദിവാകനെ കണ്ടപ്പോൾ നളിനിയിൽ ഉണ്ടായ വൈകാരികാവസ്ഥയാണ് ഇവിടെ കാണുന്നത്. ദീർഘനാളത്തെ വേർപാടിനുശേഷം നളിനി ദിവാകരനെ കണ്ടുമുട്ടുന്നു. അതിനാൽതന്നെ വേർപാടിന്റെ ദുഃഖവും അപ്രതീക്ഷിതമായി കണ്ടുമുട്ടിയതിലുള്ള സന്തോഷവും നളിനിയിൽ നിറയുന്നു. സുഖദുഃഖങ്ങൾ ഇടകലർന്ന മാനസികാവസ്ഥയിലാണ് നളിനി. വികാരപാരവശ്യത്താൽ കണ്ണുനീർ തൂകി വാക്കുകൾ കിട്ടാതെ അവൾ വിഷമിച്ചു നിന്നു. പരസ്പരം സ്നേഹിച്ചവർ വേർപിരിഞ്ഞശേഷം വീണ്ടും കണ്ടുമുട്ടുമ്പോൾ മനസ്സ് ഇങ്ങനെയായിരിക്കും. പറഞ്ഞറിയിക്കാൻ ആകാത്ത സന്തോഷവും വികാരതീവ്രതയും ഉണ്ടാകും. പൂർണമായ സുഖമോ ദുഃഖമോ മനസ്സിനുണ്ടാകില്ല. ഈയവസരത്തിൽ സുഖം വികലമായിരിക്കുമെന്ന് കവി പറയുന്നു.

(c) ആമുഖം : റഫീക്ക് അഹമ്മദ് – അമ്മത്തൊട്ടിൽ : 1 മാർക്ക്

ആശയവിശദീകരണം : 2 മാർക്ക്

വാർദ്ധക്യത്തിലെ പ്രശ്നം ഇന്നത്തെ കേരളീയ അവസ്ഥയുമായി താരതമ്യം ചെയ്യുമ്പോൾ "അമ്മത്തൊട്ടിൽ" എന്ന കവിത സാർത്ഥകമാണ്. ഭാര്യയുടെ നിർബന്ധത്തിനു വഴങ്ങി മകൻ പെറ്റമ്മയെ ഉപേക്ഷിക്കാൻ പുറപ്പെടുന്നു. മാളിന്റെയടുത്തും, ജില്ലാശുപത്രിക്കരികിലും, അമ്പലത്തിലുമൊക്കെ അമ്മയെ ഉപേക്ഷിക്കാൻ മകൻ പദ്ധതിയിടുന്നു. എങ്കിലും എന്തിന്റെയോ പ്രേരണയാൽ അയാൾക്ക് അത് സാധിക്കുന്നില്ല. ഒടുവിൽ വാഹനം നിർത്തി അമ്മയെ തിരിഞ്ഞു നോക്കുമ്പോൾ തുറന്ന കണ്ണുകളുമായി മകനെ നോക്കുന്നതുപോലെ തോന്നും വിധത്തിൽ അമ്മ ഈ ലോകത്തുനിന്നും യാത്ര പറഞ്ഞിരുന്നു. വൃദ്ധസദനങ്ങൾ പെരുകുന്ന കേരളത്തിലെ അന്തരീക്ഷത്തിൽ ഇത് ഏറ്റവും സത്യമാണ്. കാരണം

www.careerindia.com

ഇന്ന് മാതാപിതാക്കൾ മക്കൾക്ക് ബാധ്യതയാകുന്ന ഒരു ലോകത്താണ് നാം ജീവിക്കുന്നത്. വാർധക്യത്തിൽ മക്കൾ മാതാപിതാക്കളെ സംരക്ഷിക്കുന്നില്ല. വാർദ്ധക്യത്തിന്റെ അവശതകളിൽ ഏകാന്തവാസമോ വൃദ്ധസദനമോ മാത്രമാണ് അവർക്കുള്ള ആശ്രയം.

**9.** (a) ആമുഖം : 1 മാർക്ക്

വിശദീകരണം : 2 മാർക്ക്

രാജൻതുവ്വാര (ജീവചരിത്രകാരൻ) – ചട്ടമ്പിസ്വാമികൾ കേരളത്തിന്റെ ആധ്യാത്മിക ലോകത്തും സാമൂഹികപരിഷ്കരണ രംഗത്തും മിന്നിത്തിളങ്ങിയ വ്യക്തിത്വം. 1892. സ്വാമി വിവേകാനന്ദന്റെ കേരളസന്ദർശനം. എറണാകുളത്തെ ദിവാൻ സെക്രട്ടറി രാമയ്യന്റെ വീട്ടിലാണ് അദ്ദേഹം വിശ്രമിച്ചത്. ബംഗാളിൽ നിന്നെത്തിയ ആ മഹായോഗീശ്വരനോട് സംവദിക്കുവാൻ എറണാകുളത്തുള്ള സുഹൃത് സംഘം ചുമതലപ്പെടുത്തിയത് ചട്ടമ്പിസ്വാമികളെ ആയിരുന്നു. പ്രഥമദർശനത്തിൽത്തന്നെ വിവേകാനന്ദസ്വാമിയുടെ മൂല്യം തിരിച്ചറിയാൻ അനായാസം സാധിച്ചു. വിവേകാനന്ദന്റെ കോമളവദനവും വിസ്മയകരമായ പ്രഭാഷണചാതുരിയും ചട്ടമ്പിസ്വാമികളെ അത്ഭുതാധീനനാക്കി. സംസ്കൃതത്തിലാണ് ഇരുവരും സംസാരിച്ചത്.

'കീ ദൃശീ ചിൻമുദ്ര' എന്ന വിവേകാനന്ദന്റെ ചോദ്യത്തിന് സ്വാമിയിൽ നിന്ന് ലഭിച്ച മറുപടി അതിനുമുമ്പ് ആരും കേട്ടിട്ടില്ലാത്തവിധം പുതുമയുള്ളതായിരുന്നു. സ്വാമിയുടെ മറുപടി വിവേകാനന്ദനെ അത്ഭുതപ്പെടുത്തി. വിവേകാനന്ദൻ സ്വാമികളുടെ കൈപിടിച്ച് സ്വന്തം തലകുനിച്ചുകൊണ്ട് വളരെ നന്നായി എന്ന് പറഞ്ഞു. മലബാറിൽ ഞാൻ മഹാനായ ഒരു മനുഷ്യനെ കണ്ടു എന്ന് ചട്ടമ്പിസ്വാമികളെ ഉദ്ദേശിച്ച് വിവേകാനന്ദൻ പറയുകയും ചെയ്തു.

(b) ആമുഖം : 1 മാർക്ക്

വിശദീകരണം : 2 മാർക്ക്

ഒരിക്കൽ ചട്ടമ്പിസ്വാമികൾ വടക്കേക്കര ഇടത്തിൽ വീട്ടിൽ താമസിക്കുമ്പോൾ പറവൂർ മജിസ്ട്രേട്ടും സ്വാമികളുടെ ശിഷ്യനുമായ ആണ്ടിപ്പിള്ളയദ്ദേഹം സ്വവസതിയിലേക്ക് ക്ഷണിച്ചു. സഹായി ആയിരുന്ന ചേലവീട്ടിൽ പരമേശ്വരൻ നായരുമായി സ്വാമികൾ ആണ്ടിപ്പിള്ളയുടെ വീട്ടിലെത്തി. ആണ്ടിപ്പിള്ളയും ഭാര്യയും ചേർന്ന് സ്വാമികളെ സ്വീകരിച്ച് അകത്തേക്ക് കൂട്ടിക്കൊണ്ടുപോയി. പരമേശ്വരൻ നായർ പുറത്തു വരാന്തയിൽ കാത്തിരുന്നു. മജിസ്ട്രേറ്റിനോടുള്ള ഭയം കൊണ്ടാണോ അകത്തു വരാത്തതെന്നും സ്വാമിയോടൊപ്പം വരുമ്പോൾ ഭയക്കേണ്ടതില്ല എന്ന് പറഞ്ഞുകൊണ്ട് തനിക്കൊപ്പം ഇരിക്കാൻ സ്വാമികൾ നിർദ്ദേശിച്ചു. ഉണ്ണാൻ ഇലയിട്ടപ്പോൾ പരമേശ്വരൻ നായർക്കുള്ള ഇല പുറത്താണിട്ടത്. സ്വാമികൾക്ക് അത് ഇഷ്ടപ്പെട്ടില്ല. തനിക്കുണ്ണുവാനായി അകത്തിട്ടിരുന്ന ഇലയുമെടുത്ത് സ്വാമി പുറത്തേക്കിറങ്ങി. അതിലെ അനൗചിത്യം മനസ്സിലാക്കിയ മജിസ്ട്രേറ്റ് സേവകനെയും സ്വാമിയോടൊപ്പം അകത്തേക്ക് വിളിച്ചിരുത്തി ഭക്ഷണം നൽകി.

(c) ആമുഖം : 1 മാർക്ക്

വിശദീകരണം : 2 മാർക്ക്

തെക്കൻ തിരുവിതാംകൂറിലെ പ്രശസ്ത തന്ത്രിമാരായിരുന്നു കൂപക്കര പോറ്റിമാർ. കൂപക്കര മഠത്തിൽ നിരവധി തന്ത്രഗ്രന്ഥങ്ങൾ ഉണ്ടെന്ന വിവരം ചട്ടമ്പി സ്വാമികൾക്ക് ലഭിച്ചു. ഗ്രന്ഥാലയകാര്യസ്ഥന്റെ സഹായത്തോടെ സ്വാമികൾ അവയെല്ലാം പരിശോധിക്കുകയും പ്രധാനപ്പെട്ട വിവരങ്ങൾ കുറിച്ചെടുക്കുകയും ചെയ്തു. തന്ത്രിമാർ രഹസ്യമാക്കിവെച്ചിരുന്ന ക്ഷേത്രാനുഷ്ഠാനവിധികളും പൂജാവിധികളും പ്രതിഷ്ഠാ

വിധികളും ശ്രീഭൂതബലി, ഉത്സവബലി തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ട തന്ത്രവിജ്ഞാനവും സ്വാമികൾ മനസ്സിലാക്കിയത് ആ ഗ്രന്ഥപരിശോധന യിലൂടെയാണ്. പോറ്റിയില്ലത്തെ മുതിർന്ന തന്ത്രി ചട്ടമ്പി സ്വാമികളെ പരീക്ഷിക്കുവാനായി തന്ത്രസമുച്ചയത്തിലെ ചില സങ്കീർണമായ കാര്യങ്ങൾ ചോദിച്ചു. സ്വാമി അതിനെല്ലാം കൃത്യമായ ഉത്തരം പറഞ്ഞപ്പോൾ പോറ്റി അതിശയിച്ചുപോയി. ചട്ടമ്പിയല്ല 'ഒരു വിദ്യാധിരാജൻ തന്നെ' എന്നാണ് പോറ്റി അതിനോട് പ്രതികരിച്ചത്. അങ്ങനെയാണ് അദ്ദേഹത്തിന് വിദ്യാധിരാജൻ എന്ന ബഹുമതി ലഭിച്ചത്.

www.careerindia.com